പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4185

16.03.2017 -ലെ മറുപടിയ്ക്ക്

## എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ .റഹിം<br>ശ്രീമതി.യു.പ്രതിഭ ഹരി<br>ശ്രീ. കെ.ബാബു.<br>ശ്രീ. ഡി.കെ.മുരളി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948 ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നു ണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും **155214/180042555214** എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. എല്ലാ ഇൻസ്പെക്ടർമാർക്കും CUG സിം കാർഡ് നൽകിയിട്ടുണ്ട്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പ രാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും |

അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരിഹരിക്കുന്നതിനും കഴിയുന്നു.

(ബി) മെഡിക്കൽ സ്റ്റോർ, വസ്ത്ര വ്യാപാര ശാലകൾ എന്നിവ ഉൾപ്പെടെയുള്ള കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർക്ക് ന്യായമായ വേതനവും മറ്റ് സേവനാവകാശങ്ങളും തൊഴിൽ സുരക്ഷയും കൃത്യമായി ലഭിക്കുന്ന എന്ന് ഉറപ്പവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണ തോതിൽ നടപ്പാക്കുന്നതോടെ ഈ മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ വേതനവും മറ്റ് സേവനാവകാശങ്ങളും ഉറപ്പിക്കാൻ തൊഴിൽ വകുപ്പിന് കഴിയുന്നതാണ്.

(സി) തൊഴിലാളികൾക്ക് അധിക സമയ ജോലിക്ക് ഓവർടൈം അലവൻസ്, ആഴ്ച അവധി, വിശ്രമവേളകളിൽ ഇരുന്ന് വിശ്രമിക്കാനുള്ള സൗകര്യം, ടോയ്-ലറ്റ് സൗകര്യം, ഹോസ്റ്റൽ സൗകര്യം എന്നിവ നിർബന്ധമായും സജ്ജീകരിക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളിലും പരിശോധനയും ബോധവത്കരണവും നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വ്യക്തമാക്കാമോ?

സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്നും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം എന്നിവ സജ്ജീകരിക്കണമെന്നും തൊഴിലുടമകൾക്ക് വ്യക്തമായ നിർദ്ദേശം നൽകാറുണ്ട്. തുടർന്നുള്ള പരിശോധനകളിൽ ആയത് ലഭ്യമാക്കുന്നുവെന്ന് ഉറപ്പവരുത്താറുണ്ട്.

Sreelekha

**സെക്ഷൻ ഓഫീസർ**